**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 8041 16/07/2014-ൽ മറുപടിക്ക്

**വയനാട് ജില്ലയിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ഉണ്ട്. കേരളത്തിലെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പതിമൂന്നാം ധനകാര്യ കമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി പ്രവർത്തനങ്ങൾ 2011-12 വർഷത്തിൽ ആരംഭിച്ചു. 2011-12 മുതൽ 2014-15 വരെയുള്ള നാല് വർഷമാണ് പദ്ധതി കാലയളവായി നിശ്ചയിച്ചിട്ടുള്ളത്. ചുവടെ ചേർക്കുന്ന പദ്ധതികളാണ് പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.<br>1. ഭവന നിർമ്മാണം<br>2. വൈദ്യുതീകരണം<br>3. കുടിവെള്ള പദ്ധതികൾ<br>4. മണ്ണ് സംരക്ഷണ പദ്ധതികൾ<br>5. റോഡ്<br>6. ആരോഗ്യ പരിപാലനം<br>7. പെരിപ്പതെറ്റിക് സെന്ററുകൾ<br>8. സ്പെഷ്യൽ അംഗൻ വാടികൾ<br>9. ഹെൽത്ത് പ്രൊമോട്ടർ<br>10. വന സംരക്ഷണത്തെക്കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും<br>11. ഭക്ഷ്യ സഹായ പദ്ധതി<br>12. പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻബത്തേരി, വൈത്തിരി താലൂക്കുകളിലായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. ഭവനനിർമ്മാണം<br>2. ഭക്ഷ്യ സഹായ പദ്ധതി<br>3. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ്<br>4. സ്പെഷ്യൽ അംഗൻവാടി- 4 എണ്ണം (മാനന്തവാടി-നെടുംതന. വെള്ളറ. ചുണ്ടപ്പാടി, കല്പറ്റ- ആനപ്പാറ) |

| | | | |
|---|---|---|---|
| | | | 5. പെരിപ്പതറ്റിക് സ്കൂൾ (മാനന്തവാടി- ആക്കോലിക്കുന്ന്, ബേഗൂർ, പരിയാരം)<br>6. കുടിവെള്ള പദ്ധതികൾ<br>7. വൈദ്യുതീകരണ പദ്ധതികൾ<br>8. റോഡ് നിർമ്മാണ പദ്ധതികൾ<br>9. മണ്ണ് സംരക്ഷണ പദ്ധതികൾ<br>10. കാർഷിക വികസന പദ്ധതികൾ (സി.സി.ഡി)<br>11. ഭൂരഹിതരായ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br>1. ഭവന നിർമ്മാണ പദ്ധതിയിൽ 200 വീടുകൾ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>2. ഭക്ഷ്യ സഹായ പദ്ധതിയിൽ മാസം തോറും 25 കിലോ അരി, 2 കിലോ ചെറുപയർ, 2 കിലോ വൻപയർ, 2 കിലോ കടല, 2 ലിറ്റർ വെളിച്ചെണ്ണ, 500 ഗ്രാം ചായപ്പൊടി, 2 കിലോ പഞ്ചസാര എന്ന അളവിൽ ഓരോ കുടുംബത്തിനും നൽകി വരുന്നു.<br>3. ഒരു ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു.<br>4. ആനപ്പാറയിൽ സ്പെഷ്യൽ അംഗൻവാടി പ്രവർത്തിച്ചുവരുന്നു.<br>5. പത്ത് കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>6. ആറ് കോളനികളിൽ വൈദ്യുതീകരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>7. മൂന്ന് കോളനികളിൽ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>8. നാല് കോളനികളിൽ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>9. കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഏലകൃഷിക്ക് ധനസഹായവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**